**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 947** **06-10-2021 - ൽ മറുപടിയ്ക്ക്**

**ഇരുമ്പിളിയം - എടയൂർ - വളാഞ്ചേരി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന ഇരുമ്പിളിയം - എടയൂർ - വളാഞ്ചേരി കുടിവെള്ള പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കുമോ; | (എ) | കോട്ടയ്ക്കൽ  നിയോജക മണ്ഡലത്തിലെ ഇരുമ്പിളിയം - എടയൂർ - വളാഞ്ചേരി കുടിവെള്ള പദ്ധതി മൂന്ന് പാക്കേജുകളായിട്ടാണ് നടപ്പിലാക്കുന്നത്. നിലവിലുള്ള കിണറിന്റെ നവീകരണം, ജല ശുദ്ധീകരണ ശാല, പമ്പിങ് മെയിനുകൾ, ടാങ്കുകൾ എന്നിവയുടെ നിർമ്മാണം ഉൾപ്പെട്ട പാക്കേജ് 1 ലെ പ്രവൃത്തികൾ 60% പൂർത്തീകരിച്ചു. വിതരണ ശൃംഖല സ്ഥാപിക്കുന്ന പാക്കേജ് 2 ലെ പ്രവൃത്തിയും, ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ ഉൾപ്പെടുന്ന പാക്കേജ്-3 ലെ പ്രവൃത്തിയും പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തിയാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | 2022 മേയ് മാസത്തോടെ പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ